LIBRARY ARCHIVES Kerala Legislative Assembly

ഹയർസെക്കന്ററി സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം

92 (5166) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർസെക്കന്ററി സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2014-15-ൽ എത്ര തുക വകയിരുത്തുകയുണ്ടായി ; എത്ര തുക ചെലവഴിക്കുകയുണ്ടായി ;

(ബി) കണ്ണൂർ ജില്ലയിലെ ഏതെല്ലാം സ്കൂളുകൾക്ക് ഫണ്ട് ലഭ്യമാക്കിയെന്നും ഏതെല്ലാം പ്രോജക്ടുകൾക്ക് എത്ര തുക വീതം അനുവദിച്ചുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷം ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളുകളിൽ കെട്ടിട നിർമ്മാണത്തിനായി 50 കോടി രൂപയും ലാബ് കമ്പ്യൂട്ടർ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി 11 കോടി രൂപയും വകയിരുത്തുകയുണ്ടായി. ഇതിൽ ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിനായി 597.50 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്യുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) കണ്ണൂർ ജില്ലയിലെ വിവിധ സ്കൂളുകൾക്ക് വിവിധ പദ്ധതികൾ പ്രകാരം അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ഇനം തിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു.*

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനങ്ങൾ

93 (5167) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പ് സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ വകുപ്പിൽ പ്രവർത്തനങ്ങൾ ഐ.റ്റി. അധിഷ്ഠിതമാക്കുന്നതിന് പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഐ.സി.ടി. അധിഷ്ഠിത പഠന പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള കർമ്മ പദ്ധതികൾ ഈ സർക്കാരിന്റെ കാലത്ത് ഐ.ടി. അറ്റ് സ്കൂൾ പ്രോജക്ടിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

(ബി)

1. ഗവണ്മെന്റ് സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് പദ്ധതി
2. സ്കൂളുകൾക്കും വിദ്യാഭ്യാസ ഓഫീസുകൾക്കുമുള്ള വെർച്വൽ പ്രൈവറ്റ് നെറ്റ്വർക്ക് അധിഷ്ഠിത ഇന്റർനെറ്റ് സംവിധാനം
3. ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിലേക്ക് ഐ.ടി. അറ്റ് സ്കൂൾ വിപുലീകരണം
4. ഐ.സി.ടി ഉപകരണങ്ങളുടെ വ്യാപനവും പരിപാലനവും
5. മോണിറ്ററിംഗ് ആന്റ് കപ്പാസിറ്റി ബിൽഡിംഗ്
6. ഐ.സി.ടി അധിഷ്ഠിത വിദ്യാഭ്യാസ വിഭവ വികസനവും സമാഹരണവും
7. എല്ലാ സ്കൂളുകളിലും ഡിജിറ്റൽ കണ്ടന്റുകളുടെ ശേഖരണം

(സി) ഐ.സി.ടി മേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കർമ്മ പദ്ധതികൾക്ക് ആവശ്യമായ പ്ലാൻ വിഹിതം വകയിരുത്തി വിവിധ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു.

ഡെപ്യൂട്ടേഷനിൽ വന്ന ഉദ്യോഗസ്ഥന് ഹയർസെക്കന്ററി ഡയറക്ടറേറ്റിൽ സ്ഥിര നിയമനം

94 (5168) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർസെക്കന്ററി ഡയറക്ടറേറ്റിൽ ജോലി ചെയ്യുവരുന്ന ഉദ്യോഗസ്ഥർ ഏതൊക്കെ വകുപ്പുകളിൽനിന്നും ഏതൊക്കെ വ്യവസ്ഥകളിൽ നിയമിതരായവരാണെന്ന് വ്യക്തമാക്കുമോ ;